LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ക്യാൻസർ രോഗം നിയന്ത്രിക്കുന്നതിനായി നിരന്തരമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ ആർ.സി.സി. നടത്തുന്നുണ്ട്. ആർ.സി.സി.-യുടെ കമ്മ്യൂണിറ്റി ഓംകോളജി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ആഴ്ചയിൽ മൂന്നുദിവസം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകളും ക്യാൻസർ നിർണ്ണയ ക്യാമ്പുകളും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ പത്രമാസികകൾ, മറ്റ് പ്രസിദ്ധീകരണങ്ങൾ, ആകാശവാണി, ദൂരദർശൻ കേന്ദ്രം, സ്വകാര്യ ടി.വി. ചാനലുകൾ എന്നിവ വഴി ബോധന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കൂടാതെ എറണാകുളം, പാലക്കാട് എന്നീ ജില്ലകളിൽ ക്യാൻസർ രോഗനിർണ്ണയത്തിനായി ആർ.സി.സി.യുടെ കീഴിൽ ഏർളി ക്യാൻസർ ഡിറ്റക്ഷൻ സെന്ററുകൾ (ECDC) പ്രവർത്തിച്ചു വരുന്നുണ്ട്. ഇതുകൂടാതെ കണ്ണൂർ, പത്തനംതിട്ട, കൊല്ലം എന്നിവിടങ്ങളിലും ആർ.സി.സി.-യുടെ മേൽനോട്ടത്തിൽ ECDC-കൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ഹോസ്പിറ്റലിലും ക്യാൻസർ ചികിത്സാ സൗകര്യങ്ങളും മറ്റ് രോഗനിയന്ത്രണ സൗകര്യങ്ങളും നിലവിലുണ്ട്.

(ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന ക്യാൻസർ രോഗികളുടെ മൂന്നുലക്ഷം രൂപ വരെയുള്ള ചികിത്സാ ചെലവുകൾ സൗജന്യമാക്കിക്കൊണ്ട് 1-11-2014 മുതൽ സുകൃതം പദ്ധതി സർക്കാർ നടപ്പാക്കിക്കഴിഞ്ഞു. ഇതുകൂടാതെ നിർദ്ധനരായ രോഗികൾക്കായി കാരുണ്യ ബെനവലന്റ് ഫണ്ട്, ചിസ് പ്ലസ് തുടങ്ങിയ പദ്ധതികൾ ഇപ്പോൾ തന്നെ നിലവിലുണ്ട്.

അമൃതം പദ്ധതി

21 (728) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജീവിതശൈലീരോഗ നിയന്ത്രണത്തിനായി ആരംഭിച്ച അമൃതം പദ്ധതിക്കായി ഈ സർക്കാർ എത്ര രൂക ചെലവഴിച്ചിട്ടുണ്ടെന്ന വിവരം വാർഷിക ക്രമത്തിൽ അറിയിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ആരോഗ്യ മേഖലയിലുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കുമോ ;

(ഡി) ജീവിതശൈലീരോഗ നിയന്ത്രണത്തിനുള്ള മരുന്നുകളുടെ ലഭ്യത സർക്കാർ ഔട്ട് ലെറ്റുകൾ വഴി ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണ് 'അമൃതം ആരോഗ്യം'. ഈ പദ്ധതി പ്രിവൻഷൻ ഓഫ് നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് എന്ന സ്കീമിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കിവരുന്നത്. 2011-12 മുതൽ 2013-14 വരെ പ്രിവൻഷൻ ഓഫ് നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് എന്ന സ്കീം നടപ്പിലാക്കുന്നതിന് അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു :

സാമ്പത്തിക വർഷം	അനുവദിച്ച തുക (രൂപ ലക്ഷത്തിൽ)	ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ)
2011-12	2286.00	2241.40
2012-13	450.00	438.95
2013-14	800.00	598.80

2014-15 വർഷത്തിൽ ടി പദ്ധതിക്ക് 870 ലക്ഷം രൂപയാണ് നീക്കിവച്ചിട്ടുള്ളത്. ഒറ്റത്തവണ അധിക കേന്ദ്രസഹായം എന്ന ഇനത്തിലാണ് ഈ തുക അനുവദിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിൽ നിന്ന് ഫണ്ട് റിലീസിംഗിനുള്ള ഉത്തരവ് ലഭിച്ചാൽ മാത്രമേ ഒറ്റത്തവണ കേന്ദ്രസഹായം വകയിരുത്തിയിട്ടുള്ള ടി പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്.

(ബി) ഉണ്ട്.

(സി) 'അമൃതം ആരോഗ്യം' പദ്ധതി സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ലക്ഷ്യമാക്കിയിട്ടുള്ളതാണ്. 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും ജീവിതശൈലീ രോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തുകയും ബോധവൽക്കരണം നടത്തുകയും രോഗം കണ്ടെത്തുന്നവർക്ക് ചികിത്സ ആരംഭിക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

നാളിതുവരെ ഒരുകോടി പത്തൊൻപത് ലക്ഷത്തിൽപ്പരം ജനങ്ങളെ സ്ക്രീനിംഗിന് വിധേയമാക്കുകയും അതിൽ അഞ്ചര ലക്ഷത്തിലധികം പുതിയ രക്താതി സമ്മർദ്ദ രോഗികളെയും നാലരലക്ഷത്തിനു മുകളിൽ പുതിയ പ്രമേഹ രോഗികളെയും കണ്ടെത്തുകയുണ്ടായി. രണ്ട് ലക്ഷത്തോളം പേർക്ക് ഡയബറ്റീസും, രക്താതി സമ്മർദ്ദവും ചേർന്നുള്ളതായി കണ്ടെത്തി. ഇതിനു പുറമേ സ്കൂൾ വിദ്യാർത്ഥികൾക്കായി ആരംഭിച്ച ജീവിതശൈലീ രോഗബോധന നിയന്ത്രണ പദ്ധതി (എൽ.ഇ.എ.പി.)-യിലൂടെ വിദ്യാർത്ഥികൾക്ക് ബോധവൽക്കരണവും, സ്ക്രീനിംഗും, യോഗ പരിശീലനവും നൽകുകയുണ്ടായി.

എൻ.സി.ഡി. പദ്ധതിയുടെ നേട്ടങ്ങൾ :

സ്ക്രീൻ ചെയ്ത രോഗികളുടെ മൊത്തം എണ്ണം	1,19,41,190 (ഒരു കോടി പത്തൊൻപത് ലക്ഷത്തി നാൽപത്തിയൊന്നായിരത്തി ഒരുനൂറ്റി തൊണ്ണൂറ്)
പുതിയ ഡയബറ്റിക് കേസുകൾ കണ്ടുപിടിച്ചത്	4,56,592 (നാല് ലക്ഷത്തി അൻപത്തി ആറായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി രണ്ട്)
പുതിയ ഹൈപ്പർ ടെൻഷൻ കേസുകൾ കണ്ടുപിടിച്ചത്.	5,67,485 (അഞ്ച് ലക്ഷത്തി അറുപത്തി ഏഴായിരത്തി നാനൂറ്റി എൺപത്തിയഞ്ച്)
പുതിയ രക്താതി സമ്മർദ്ദവും പ്രമേഹവും കേസുകൾ	2,63,852 (രണ്ട് ലക്ഷത്തി അറുപത്തിമൂവ്വായിരത്തി എണ്ണൂറ്റി അൻപത്തി രണ്ട്)

(ഡി) ജീവിതശൈലീ രോഗങ്ങൾക്കായുള്ള മരുന്നുകളുടെ ലഭ്യത പ്രാഥമികാരോഗ്യ കേന്ദ്രതലം വരെയുള്ള ആശുപത്രികളിൽ ആരോഗ്യ വകുപ്പ് ഉറപ്പാക്കിയിട്ടുണ്ട്.

സൗജന്യ ക്യാൻസർ ചികിത്സാ പദ്ധതി

22. (729) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്യാൻസർ രോഗികളുടെ എണ്ണം ഗണ്യമായി വർദ്ധിക്കുന്നതിന് ആനുപാതികമായി നിലവിലുള്ള ചികിത്സാ ക്രമീകരണങ്ങൾ പരിമിതമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly